File No.LBRD-F1/21/2018-LBRD

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.അജിതഹരി ഫയൽ ചെയ്ത ഒ.എ. നം. 431/2018 നമ്പറുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.03.2018 ലെ ഉത്തരവിലെ നിർദ്ദേശം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

G.O.(Rt)No.880/2018/LBR തീയതി,തിരുവനന്തപുരം. 31/07/2018

---

പരാമർശം:- 1) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 11.01.2018 ലെ ഇ1-34/2017/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഡോ.അജിതാ ഹരി ഫയൽ ചെയ്ത ഒ.എ. 83/2018 നമ്പറുള്ള 25.01.2018 ലെ ഉത്തരവ്.

3) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 16.03.2018 ലെ ഇ1-886/2018/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.

4) ഡോ.അജിതഹരി 24.03.2018 തീയതിയായി തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ.

5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 431/2018 നമ്പറുള്ള 26.03.2018 ലെ ഉത്തരവ്.

6) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 12.06.2018 ലെ ഇ1-886/2018/ഡി.ഐ.എം.എസ് നമ്പർ കത്ത്.

## ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ സർവീസ് ക്വാട്ടയിൽ ബിരുദാനന്തര ബിരുദ പഠനം പൂർത്തിയാക്കിയ പല ഡോക്ടർമാരും ഇ.എസ്.ഐ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കാതെ ഡിസ്പെൻസറികളിൽ മാത്രം സേവനം അനുഷ്ഠിച്ച് വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. വിഹിതം അടച്ച ശേഷം ചികിത്സയ്ക്ക് എത്തുന്ന ഇ.എസ്.ഐ ഗുണഭോക്താക്കളുടെ ഇ.എസ്.ഐ ഡിസ്പെൻസറികളിലെ പ്രൈമറി കെയർ ചികിത്സയും ഇ.എസ്.ഐ ആശുപത്രികളിലെ സെക്കന്ററി കെയർ ചികിത്സയും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഇ.എസ്.ഐ ആശുപത്രികളിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം രോഗികളെ എംപാനൽഡ് സ്വകാര്യ ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. ആയത് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിന് ചേർന്ന പല യോഗങ്ങളിലും ഇക്കാര്യം ഉന്നയിക്കപ്പെട്ടിരുന്നു. തുടർന്ന് 22.11.2017 ൽ ചേർന്ന യോഗത്തിൽ വകുപ്പിലെ സ്പെഷ്യലിസ്റ്റ് തസ്തികകൾ നികത്തുന്നതിനും റീ ഇംബേഴ്സ്മെന്റ് ചെലവുകൾ കുറയ്ക്കുന്നതിനും തീരുമാനം എടുത്തിരുന്നു. കൂടാതെ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിരുന്നു.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ വടവാതൂർ, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിൽ ഗൈനക്കോളജിസ്റ്റ് തസ്തികകൾ വളരെക്കാലമായി ഒഴിഞ്ഞു കിടക്കുന്നതായും ആയത് രോഗികൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് 22.11.2017 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ സർവീസ് ക്വാട്ടയിൽ പി.ജി ബിരുദം നേടിയ ഡോ.അജിതാഹരിയെ വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിലും ഡോ.സിനി പ്രിയദർശിനിയെ ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിലും നിയമിച്ച് പരാമർശം -1 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ഡോ.അജിതഹരി ബഹു. കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ.83/18 നമ്പരായി ഒരു ഹർജി ഫയൽ ചെയ്തിരുന്നു. ടി ഹർജിയിൽ പരാമർശം – 2 പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ഡോ.അജിതാ ഹരിയെ നേരിൽ കേൾക്കുകയും ടി വ്യക്തി സമർപ്പിച്ച നിവേദനം നിരസിച്ച് കൊണ്ടും ടി ഡോക്ടറെ വടവാതൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിയമിച്ച ഉത്തരവ് നിലനിറുത്തി കൊണ്ടും പരാമർശം – 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) പരാമർശം – 3 ലെ ഉത്തരവിനെതിരായി ഡോ.അജിത ഹരി ഒ.എ.431/18 നമ്പരായി ഒരു ഹർജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യുകയുണ്ടായി. ടി ഹർജിയിൽ പരാമർശം 5 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഡോ.അജിതഹരി പാരിപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലനിറുത്തണം എന്ന് അഭ്യർത്ഥിച്ച് സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന അപ്പീൽ അപേക്ഷയിൽ (അനുബന്ധം A10) ടി വ്യക്തിയുടെ രോഗാവസ്ഥ പരിഗണിച്ച് മൂന്ന് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് നിർദേശിച്ചിരിക്കുന്നത്. ടി വ്യക്തി സമർപ്പിച്ചിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും മറ്റ് ചികിത്സാരേഖകളുടെയും സത്യാവസ്ഥ തീർച്ചപ്പെടുത്തുന്നതിനായി സർക്കാരിന് ആവശ്യമെങ്കിൽ ഒരു മെഡിക്കൽ ബോർഡ് രൂപീകരിച്ച് അപേക്ഷകയുടെ രോഗാവസ്ഥ നിർണയിക്കാവുന്നതും തദനന്തരം അപ്പീൽ അപേക്ഷയിൽ (അനുബന്ധം A10) തീരുമാനം എടുക്കാവുന്നതാണെന്നും അപ്പീൽ അപേക്ഷയിൽ സർക്കാർ തീരുമാനമെടുക്കുന്നതുവരെ ഡോ.അജിത ഹരിയ്ക്ക് പാരിപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയിൽ തുടരാവുന്നതാണെന്നും ബഹു.ട്രൈബ്യൂണൽ നിർദേശിച്ചിട്ടുണ്ട്.

4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 06.06.2018 ൽ തൊഴിലും നൈപുണ്യവും വകുപ്പ് അണ്ടർ സെക്രട്ടറി ടി വ്യക്തിയെ നേരിൽ കേട്ടിരുന്നു. ഡോ.അജിതാഹരി സമർപ്പിച്ചിരുന്ന അനുബന്ധം A10 നിവേദനവും ഹിയറിംഗ് സമയത്ത് സമർപ്പിച്ച് നിവേദനവും പരിശോധിച്ചു. ടി വ്യക്തി തന്റെ അസുഖം സംബന്ധിച്ച കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. തനിക്ക് മാനുഷിക പരിഗണന നല്കി സ്ഥലംമാറ്റ ഉത്തരവുകൾ റദ്ദാക്കണം എന്നാണ് അനുബന്ധം A10 നിവേദനം മുഖേന ടി വ്യക്തി സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നത്.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഡോ.അജിതാഹരി സമർപ്പിച്ചിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത സംബന്ധിച്ച് വേണമെങ്കിൽ മാത്രം സർക്കാരിന് മെഡിക്കൽ ബോർഡ് രൂപീകരിച്ച് തീരുമാനം എടുക്കാവുന്നതാണ് എന്നാണ് ബഹു. ട്രൈബ്യൂണൽ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ, വകുപ്പിൽ ഗൈനക്കോളജിസ്റ്റായി സേവനം അനുഷ്ഠിച്ച ഒരു ഡോക്ടറാണ്. ഡോ.അജിതാഹരിയുടെ നിവേദനത്തിന്മേൽ ടി ഡയറക്ടർ പരാമർശം - 6 പ്രകാരം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ അത്രത്തോളം ഗുരുതരമല്ലാത്ത ചില ആരോഗ്യ പ്രശ്നങ്ങൾ മാത്രമാണ് ടി വ്യക്തിക്ക് ഉള്ളത് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടി മെഡിക്കൽ സർട്ടിഫിക്കറ്റ് മുമ്പ് പരിശോധിച്ച് പരാമർശം - 3 പ്രകാരം ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിൽ ടി വ്യക്തിക്ക് ദീർഘദൂര യാത്ര മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയത് ഒഴിവാക്കുന്നതിനായി ടി വ്യക്തിക്ക് വടവാളൂർ ഇ.എസ്.ഐ ആശുപത്രിക്ക് സമീപം താമസിച്ചാൽ മതിയാകുന്നതാണ്. നിലവിൽ ടി ഡോക്ടർക്കുള്ള അസുഖങ്ങൾ ഗൈനക്ക് വിഭാഗം രോഗികളെ പരിശോധിക്കുന്നതിന് തടസ്സമാകുന്നില്ല എന്ന് ഗൈനക്കോളജിസ്റ്റ് കൂടിയായ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ പരാമർശം - 3 ലെ ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ പരാമർശം - 6 ലെ റിപ്പോർട്ട് അംഗീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

6) അനുബന്ധം A10 നിവേദനത്തിൽ സൂചിപ്പിച്ചിരിക്കുന്ന മറ്റൊരു കാര്യം ടി വ്യക്തി സർവ്വീസ് ക്വാട്ടയിൽ 2003 ൽ പി.ജി പഠനം പൂർത്തിയാക്കിയ ശേഷം 15 വർഷമായി ഡിസ്പെൻസറിയിൽ സേവനം അനുഷ്ഠിക്കുകയായിരുന്നു എന്നതാണ്. ടി വ്യക്തി 25.09.2003 ൽ പി.ജി പഠനം പൂർത്തിയാക്കിയ ശേഷം കരാർ കാലാവധി തീരുന്നതിന് മുമ്പ് തന്നെ 2004 മുതൽ 2009 വരെ വിദേശത്ത് ജോലി നോക്കുന്നതിനായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയാണ് ഉണ്ടായത്. 01.07.2009 ലാണ് ടി വ്യക്തി പി.ജി പഠനത്തിന് ശേഷം സർവ്വീസിൽ പ്രവേശിച്ചത്. ആയതിനാൽ പി.ജി പഠനം പൂർത്തിയാക്കിയ ശേഷം 15 വർഷമായി ഡിസ്പെൻസറിയിൽ സേവനം അനുഷ്ഠിക്കുകയായിരുന്നു എന്ന വാദം പൂർണ്ണമായും വാസ്തവ വിരുദ്ധമാണ്.

7) ടി വ്യക്തി സ്ഥലം മാറ്റം റദ്ദാക്കുന്നതിന് പിന്നീട് സൂചിപ്പിച്ചിരിക്കുന്ന കാരണങ്ങൾ കുടുംബപരമാണ്. ഒരു ഡോക്ടറുടെ പ്രാഥമിക കർത്തവ്യം ആതുര സേവനമാണ്. ഓരോ ഡോക്ടർമാരുടെയും കുടുംബപരമായ ബുദ്ധിമുട്ടുകളും

നിസാരമായ അസുഖങ്ങളും പരിഗണിച്ചാൽ ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം തടസ്സപ്പെടാൻ സാദ്ധ്യതയുണ്ട്. ആയത് വിഹിതം അടച്ച ശേഷം ചികിത്സയ്ക്ക് എത്തുന്നതും ഡോക്ടർമാരേക്കാളും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരുമായ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് നൽകേണ്ട സേവനത്തെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ ടി വ്യക്തിയുടെ കുടുംബപരമായ ബുദ്ധിമുട്ടുകൾ പരിഗണിക്കാൻ സാധിക്കില്ല.

8) ഡോ.അജിതാഹരി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ സർവ്വീസ് ക്വാട്ടയിൽ പി.ജി ചെയ്ത ജീവനക്കാരിയാണ്. വിഹിതം അടച്ച ശേഷം ചികിത്സയ്ക്ക് എത്തുന്ന ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ആവശ്യമായ സ്പെഷ്യാലിറ്റി ചികിത്സ വകുപ്പിൽ തന്നെ ഉറപ്പ് വരുത്തുന്നതിനാണ് ഡോക്ടർമാർക്ക് സർവ്വീസ് ക്വാട്ടയിൽ പി.ജി ചെയ്യുന്നതിന് അവസരം നൽകുന്നത്. ഇ.എസ്.ഐ ഗുണഭോക്താക്കളുടെ വിഹിതം ഉപയോഗിച്ച് പി.ജി.പഠനം നടത്തിയ ശേഷം നിസാര കാരണങ്ങൾ ചൂണ്ടിക്കാട്ടി ടി വിഭാഗം തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും ചികിത്സിക്കുന്നതിന് വിമുഖത കാണിക്കുന്നത് ന്യായീകരിക്കുവാൻ സാധിക്കില്ല. നിലവിൽ വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ചികിത്സ തേടിയിരുന്ന രോഗികളും പൂർണ്ണഗർഭിണികളായ സ്ത്രീകളും ചികിത്സ ലഭിക്കാതെ മറ്റ് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യമാണ് ഉള്ളത്. ഇപ്രകാരം സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന പക്ഷം ചെലവാകുന്ന തുക സംസ്ഥാന സർക്കാർ ടി സ്വകാര്യ ആശുപത്രികൾക്ക് റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ നൽകേണ്ടതുണ്ട്. പി.ജി കഴിഞ്ഞ ഡോക്ടർമാരെ ഇ.എസ്.ഐ ആശുപത്രികളിൽ നിയമിക്കുന്ന പക്ഷം ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുകയും ആയത് വഴി സംസ്ഥാന സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാവുകയും ചെയ്യുന്നതാണ്.

9) മേൽ വിവരിച്ച സാഹചര്യങ്ങളിൽ പരാമർശം 4 അപ്പീൽ അപേക്ഷ ( ഒ.എ നം 431/2018 നമ്പർ ഹർജിയിലെ അനുബന്ധം A10 ) നിരസിച്ചുകൊണ്ടും ഡോ.അജിതാഹരിയെ വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ നിയമിച്ച ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ പരാമർശം - 1 ഉത്തരവ് പാലിച്ച് അടിയന്തിരമായി ടി ആശുപത്രിയിൽ ജോയിൻ ചെയ്യുന്നതിന് ടി വ്യക്തിക്ക് നിർദ്ദേശം നൽകിക്കൊണ്ടും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ നം. 431/2018 ലെ 26.03.2018 ലെ ഉത്തരവിലെ നിർദേശം

നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU S
ADDITIONAL SECRETARY

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് മുഖേന)

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.

ഡോ.അജിതഹരി, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**Endorsement No.E1-666/2018/DIMS Dated: 08-08-2018.**

Copy of Government Order Communicated for strict compliance.

**for Director of Insurance Medical Services.**

To,
Dr. Ajitha Hari, Insurance Medical Officer, ESI Dispensary, Parippally.

Copy to:
1) Accountant General, Kerala, Thiruvananthapuram.(with CL)
2) The Regional Deputy Director, South Zone, Kollam. (You are directed to relieve Dr.Ajitha Hari from ESI Dispensary, Parippally immediately)
3) The Superintendent, ESI Hospital, Vadavathoor.
4) The Insurance Medical Officer, ESI Dispensary, Parippally.
5) File/Stock File/Website.

stj/-